# എൽ. പി. എസ്. മൂപ്പായിക്കാട്

## അക്കാദമിക് മാസ്റ്റർപ്ലാൻ 2026-2027

2026 മെയ്മാസം 26-ാം തീയതി ചേർന്ന P.T.A കമ്മിറ്റി, SRG മീറ്റിംഗുകളിൽ സ്കൂൾ പ്രവേശനത്തോത്സവത്തെക്കുറിച്ച് ആലോചിച്ച് തീരുമാനങ്ങൾ എടുത്തു. സ്കൂളും പരിസരവും മുത്തുക്കുടകൾ, തോരണങ്ങൾ എന്നിവകൊണ്ട് അലങ്കരിക്കുവാനും നവാഗതരെ സമ്മാനങ്ങൾ നൽകി സ്വീകരിക്കുവാനും മധുരപലഹാരങ്ങളും ഉച്ചഭക്ഷണവും നൽകുവാനും തീരുമാനിച്ചു.

ജൂൺ 1-ാം തീയതി പ്രവേശനത്തോത്സവ സമ്മേളനത്തിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഐസി കെ. കോര സ്വാഗതം ആശംസിക്കുകയും, വിശിഷ്ടാതിഥിയായി ഗ്രന്ഥകാരനും,മോട്ടിവേറ്ററുമായ ശ്രീ ടോം മാത്യു വും, വാർഡ് 30ലെ മുനിസിപ്പൽ കൗൺസിലർ ശ്രീമതി ഷീജ അനിൽ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചു.P.T.A,വികസന സമിതി അംഗങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എല്ലാവരും സമ്മേളനത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

സ്കൂൾ അസംബ്ലി എല്ലാ തിങ്കൾ,ബുധൻ,വെള്ളി ദിവസങ്ങളിലും, SRG മീറ്റിംഗ് എല്ലാ വെള്ളി ദിവസങ്ങളിലും നടത്താൻ തീരുമാനിച്ചു.

June 5 പരിസ്ഥിതിദിനം - വൃക്ഷത്തൈകളും, പച്ചക്കറിത്തോട്ടവും സ്കൂളിലും കുട്ടികളുടെ വീടുകളിലും നട്ടുപിടിപ്പിടിപ്പിക്കാനും പോസ്റ്റർ നിർമ്മാണം, പരിസ്ഥിതിദിന ബോധവൽക്കരണ ക്ലാസ്സ് എന്നിവ നടത്താനും തീരുമാനിച്ചു .

എല്ലാ വെള്ളിയാഴ്ചകളിലും SRG മീറ്റിംഗുകൾ നടത്താൻ തീരുമാനിച്ചു. PTA പൊതുയോഗം ചേർന്ന് സ്കൂൾ വികസനം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു. ഹെഡ്മിസ്ട്രസ്സും, അധ്യാപകരും PTA കമ്മിറ്റിയംഗങ്ങളും വികസന സമിതിയംഗങ്ങളും ചേർന്ന് സ്കൂൾ സുരക്ഷിതമാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തി.

June - 19 വായനാദിനത്തോടനുബന്ധിച്ച് പുന്നയ്ക്കൽച്ചുങ്കം പബ്ലിക് ലൈബ്രറി സന്ദർശനം,ക്വിസ് മത്സരം, വായനാമത്സരം, ലൈബ്രറി പുസ്തക വിതരണം എന്നിവ നടത്താൻ തീരുമാനിച്ചു.ലഹരി വിരുദ്ധ പ്രതിജ്ഞ, ബോധവൽക്കരണ ക്ലാസ്സ്, നാടകം എന്നിവ ലോക ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് നടത്താനും.ബഷീർ ചരമ ദിനം, ഡോക്യുമെന്ററി പ്രദർശനം, ബഷീർ കഥാപാത്രങ്ങളുടെ പരിചയപ്പെടുത്തൽ, വേഷം ധരിക്കൽ എന്നീ പരിപാടികളോടെ ആചരിക്കാനും തീരുമാനം എടുത്തു.

ജൂലൈ 13-ാം തീയതി മുതൽ മിഡ് ടേം പരീക്ഷ നടത്തി. എല്ലാമാസവും അവസാനത്തെ വെള്ളിയാഴ്ച വിദ്യാരംഗം കലാപരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ആഗസ്റ്റ് 5-ാം തീയതി തിരഞ്ഞെടുപ്പ് മാതൃകാപരമായി കുട്ടികളെ

പരിചയപ്പെടുത്തി സ്കൂൾ ലീഡറെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് 14 ക്വിസ് മത്സരം, ദേശഭക്തിഗാനാലാപനം, പ്രസംഗം, കളറിംഗ്, പോസ്റ്റർ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നടത്തണമെന്ന് ആലോചിച്ചു.അന്ന് തന്നെ ഉച്ചക്ക് ശേഷം ഓണഘോഷം നടത്താൻ തീരുമാനിച്ചു.ആഗസ്റ്റ് 15 ഹെഡ്മിസ്ട്രസ് ദേശീയപതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും പി.ടി.എ പ്രസിഡന്റ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കാനും തീരുമാനിച്ചു.

Sports Kit ഉപയോഗിച്ച് എല്ലാ ബുധനാഴ്ച്ചയും ഓരോ ക്ലാസുകാരെയും PT ക്ക് വിടാനും , വെള്ളിയാഴ്ച്ച മാസ്സ്ഡ്രിൽ എന്നിവ നടത്താൻ തീരുമാനിച്ചു.

ആഗസ്റ്റ് 17-ാം തീയതി മുതൽ ഒന്നാം ടേം പരീക്ഷ ആരംഭിക്കും. കുട്ടികൾക്ക് ടൈംടേബിൾ നൽകി.

21/8/2026 ഓണാവധിക്കായി സ്കൂൾ അടക്കുന്നു
31/8/2026 ഓണാവധിക്ക് ശേഷം സ്കൂൾ തുറക്കുന്നു.
07/9/2026 കലാമത്സരം
11/09/2026 കായികമത്സരവും
11/9/2026 S R G
18/9/2026 S R G
25/9/2026 S R G, വിദ്യാരംഗം
13-11-2026 ശിശു ദിനാഘോഷം നടത്തുവാൻ തീരുമാനിച്ചു.
14-12-2026 രണ്ടാം ടേം മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കും. ക്രിസ്തുമസ്സ് ആഘോഷം.
18-12-2026 ക്രിസ്തുമസ്സ് അവധിക്കായി സ്കൂൾ അടയ്ക്കും.
28-12-2026 അവധിക്ക് ശേഷം സ്കൂൾ തുറക്കുന്നു.
25-01-2027 റിപ്പബ്ലിക് ദിനം - വിവിധ പരിപാടികളോടെ ആചരിക്കും.
11-03-2027 പഠനോത്സവം, ആനിവേഴ്സറി, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ.

# ഉള്ളടക്കം.


1. പ്രാഥമിക വിവരങ്ങൾ
2. ആമുഖം.
3. പൊതുലക്ഷ്യങ്ങൾ.
4. സ്കൂൾ വികസന പദ്ധതി.
5. വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ.
6. പ്രശ്നങ്ങൾ പരിമിതികൾ.
7. ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും.
8. ആരോഗ്യ കായിക വിദ്യാഭ്യാസം.
9. പ്രീ. പ്രൈമറി ക്ലാസ്.
10. ഗണിതം.
11. പരിസരപഠനം.
12. ഇംഗ്ലീഷ്
13. മലയാളം

# പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | - കോട്ടയം. |
| സ്കൂൾ കോഡ് | - 33425 |
| സ്കൂളിന്റെ പേര് | - മുപ്പായിക്കാട് എൽ പി എസ് |
| പിൻകോഡ് | - 686012 |
| ഫോൺ നമ്പർ | - 0481-2342543 |
| ഇ-മെയിൽ | - muppaikkadlps@gmail.com |
| മുൻസിപ്പാലിറ്റി | - കോട്ടയം |
| പഞ്ചായത്ത് | - നാട്ടകം, വാർഡ് 23 |
| വിദ്യാഭ്യാസ ജില്ല | - കോട്ടയം. |
| ഉപജില്ല | - കോട്ടയം ഈസ്റ്റ് |
| മാനേജ്മെന്റ് | - സിംഗിൾ മാനേജ്മെന്റ് |
| ക്ലാസുകൾ | - പ്രീപ്രൈമറി<br>1 മുതൽ 4 വരെ |
| ബോധനമാധ്യമം | - മലയാളം. |

# ആമുഖം

കോട്ടയം ജില്ലയിൽ നാട്ടകം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന
മുപ്പായിക്കാട് എൽ പി സ്കൂൾ ആദ്യ കാലഘട്ടങ്ങളിൽ ഓലവട്ടം
കൈതക്കാട്ട് കുടുംബത്തിന്റെ അങ്കണത്തിൽ പള്ളിക്കൂടമായി ആരംഭി-
ച്ചതാണ്. വളരെ ദൂരെ നിന്നുപോലും അക്ഷരം അഭ്യസിക്കുവാൻ
ഇവിടെ ധാരാളം കുട്ടികൾ എത്തിയിരുന്നു. കാലക്രമേണ മുപ്പായിക്കാട്
എൽ പി സ്കൂൾ എന്ന നാമധേയത്തിൽ ഇന്ന് പ്രവർത്തിക്കുന്ന സ്ഥല-
ത്തേയ്ക്ക് മാറ്റിസ്ഥാപിക്കുകയുണ്ടായി.

പുതിയ നാമധേയത്തിൽ പരുത്തിക്കുളം കുടുംബത്തിന്റെ
ഉടമസ്ഥതയിൽ ശ്രീ: വാസുദേവൻ നായരുടെ മാനേജ്മെന്റിന്റെ മേൽനോ-
ട്ടത്തിൽ സ്കൂൾ ആദ്യ ഘട്ടങ്ങളിൽ പ്രവർത്തിച്ചു വന്നു.
3 ഡിവിഷൻ വീതം കുട്ടികൾ ആ കാലഘട്ടങ്ങ-
1 മുതൽ 4 വരെ ക്ലാസുകളിൽ അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ ശ്രീ: സുരേഷ്
ളിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഭാര്യ ശ്രീമതി: അജിത ആർ നായ-
കി. വിയും അദ്ദേഹത്തിന്റെ 2018-ൽ 5 അദ്ധ്യാപികമാർ ഓരോ ലക്ഷം
മാനേജരായി പ്രവർത്തിച്ചു. സ്കൂൾ വികസന പ്രവർത്തനങ്ങൾ
രൂപ വീതം ഫണ്ട് ഉണ്ടാക്കി
നടത്തുവാൻ തീരുമാനിച്ചു. പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരും രക്ഷിതാ-
ക്കളും ചേർന്ന് School അറ്റകുറ്റപ്പണികളും, വരാന്തയും നിർമ്മിച്ചു
ക്ലാസ് മുറികൾ Tiles ഇടുകയും മുറ്റം interlock ചെയ്യുകയും ചെയ്തു. 13½ ല
രൂപയുടെ വികസന പ്രവർത്തനങ്ങൾ അന്ന് എല്ലാവരും ചേർന്ന്
നടത്തി. പൂർവ്വ വിദ്യാർത്ഥിയും കൊച്ചിൻ ഷിപ്പ്യാർഡ് ഉദ്യോഗസ്ഥനുമായ

ശ്രീ: സുദീപിന്റെ ശ്രമഫലമായി ഷിപ്പ്യാർഡിന്റെ C.S.R ഫണ്ടിൽ നിന്നും 8.84 ലക്ഷം രൂപ അനുവദിക്കുകയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വെവ്വേറെ Bathroom complex പണി കഴിപ്പിക്കുകയും ചെയ്തു.
Oil Refinery യിൽ നിന്നും പൂർവ്വ വിദ്യാർത്ഥി ശ്രീ: പ്രസാദ് കെ പണിക്കരുടെ ശ്രമഫലമായി 11.24 ലക്ഷം രൂപ അനുവദിക്കുകയും Daining Hall, kitchen, Hall, Store Room എന്നിവ പണികഴിപ്പിക്കുകയും ചെയ്തു.

2023-ൽ സ്കൂൾ മാനേജ്മെന്റ് കൈമാറ്റ നടപടികൾ ആരംഭിച്ചു. കരിമക്കൽ ജോസഫ് മെമ്മോറിയൽ എജ്യുക്കേഷൻ ട്രസ്റ്റിന് 2025 ഏപ്രിൽ മാസത്തോടെ നടപടികൾ പൂർത്തിയായി പുതിയ മാനേജ്മെന്റ് സ്കൂൾ ഏറ്റെടുക്കുകയും ചെയ്തു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ നവനൂതന പ്രാവർത്തികമാക്കത്തക്കവിധം അക്കാദമിക രംഗത്തും കായിക രംഗത്തും പ്രവർത്തിപരിചയ രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കു വാൻ സ്കൂളിന് കഴിയുന്നു. എല്ലാ നിലവാരങ്ങളിലുമുള്ള കുട്ടികളെ പരിഗണിച്ചുകൊണ്ട് മികച്ച അധ്യയനം സാധ്യമാക്കത്തക്ക വിധമുള്ള പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. Schoolന്റെ ഭൗതിക അന്തരീ മെച്ചപ്പെടുത്തുന്നതിനായി മാനേജ്മെന്റ് PTA, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ സഹകരിച്ച് പ്രവർത്തിച്ച് വരുന്നു. സ്കൂളും പരിസരവും

ആകർഷകവും വിജ്ഞാനപ്രദവുമായ ചിത്രങ്ങൾകൊണ്ട് മോടിപിടിപ്പിച്ചു.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രകാരം കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പഠനത്തിനു വേണ്ട സാഹചര്യങ്ങൾ ഒരുക്കി നൽകുന്നു.

June 1-ന് പ്രവേശനോത്സവം മാനേജ്മെന്റ്, P.T.A, വികസനസമിതി എന്നിവർ ചേർന്ന് നടത്താൻ തീരുമാനിച്ചു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പഠനത്തിനുവേണ്ട സാഹചര്യം ഒരുക്കുന്നു. കുട്ടികളെ ആകർഷിക്കത്തക്കവിധം പാട്ടുകൾ, കഥകൾ, ചിത്രങ്ങൾ, കളികൾ എന്നിവയിലൂടെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിനായി slide, swing, See-saw മറ്റ് കളിയുപകരണങ്ങൾ എന്നിവ സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രീ-പ്രൈമറി, ഒന്ന് ക്ലാസുകളിൽ കുട്ടികൾക്ക് single chair ഉം Table ഉം സജ്ജീകരിച്ചിട്ടുണ്ട്. ICT സാധ്യത പഠനപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നു. 2 Lap top ഉം ഒരു projector ഉം പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

സ്കൂൾ പച്ചക്കറിത്തോട്ടം നല്ല രീതിയിൽ പരിപാലിച്ചു വരുന്നു. 2025-2026 അധ്യയന വർഷം School Economic പദവിയിലേക്ക് ഉയർന്നു. 2026-27 അധ്യയന വർഷം പ്രീപ്രൈമറിയിൽ 26 ഉം പ്രൈമറിയിൽ 66 കുട്ടികളും പഠിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രധാന ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഭംഗിയായും അക്ഷരത്തെറ്റില്ലാതെയും ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉറപ്പുവരുത്തും.
* ഗണിതശേഷികൾ കൈവരിച്ച് അത് നിത്യജീവിതത്തിൽ പ്രയോഗിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കത്തക്കവിധം പരിശീലനങ്ങൾ നൽകും
* ജലം, മണ്ണ്, വനം, ജീവജാലങ്ങൾ ഇവയൊക്കെ പ്രകൃതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും അവയെ നമ്മൾ സംരക്ഷിക്കണമെന്നുമുള്ള ഒരു സാമൂഹികബോധം കുട്ടികളിൽ വളർത്തിയെടുക്കും.
* ഓരോ ക്ലാസിലെയും പഠനം അവസാനിക്കുമ്പോൾ അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തും
* പ്രവൃത്തിപരിചയം, സർഗാത്മകത, കായികക്ഷമത ഇവയ്ക്ക് വേണ്ട പ്രാധാന്യം നൽകി കുട്ടികൾക്ക് അതിനുള്ള പരിശീലനം നൽകും
* വീടിനും സമൂഹത്തിനും ഉത്തമനായ ഒരു വ്യക്തിയായി വളർന്നു വരാനുള്ള എല്ലാ ബാലപാഠങ്ങളും ഇവിടെ നിന്ന് നേടുമെന്ന് ഉറപ്പുവരുത്തും.
* പെരുമാറ്റ മര്യാദകൾ ജീവിതത്തിൽ പാലിക്കുവാൻ പരിശീലിപ്പിക്കും.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ : വികസന ലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം
  (a) മോർണിംഗ് ക്ലാസുകൾ
  (b) ക്ലാസ്തല വായനമൂല
  (c) പത്ര വായന
* ഗണിതശേഷി വികസനം
  (a) സംഖ്യകൾ എണ്ണാനും എഴുതാനും
  (b) സങ്കലന, വ്യവകലന, ഗുണനക്രിയകൾ
  (c) സങ്കലന, ഗുണനപട്ടിക
* ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
  (a) മോർണിംഗ് ക്ലാസുകൾ
  (b) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ
  (c) സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
* ലൈബ്രറി നവീകരണം
* അടുക്കളത്തോട്ടം വിപുലീകരിക്കൽ
* സ്കോളർഷിപ്പ് പരിശീലനം
* പഠനയാത്രകൾ
* പ്രവൃത്തിപരിചയ പരിശീലനം
* അധ്യാപക ശാക്തീകരണം – സ്കൂൾതലം SRG

* കലാ പരിപോഷണം
* ദിനാചരണങ്ങൾ
* കായികശേഷി വികസനം
    (a) യോഗ
    (b) എറോബിക്സ്
    (c) കരാട്ടെ
* ഐ ടി പഠനം കാര്യക്ഷമമാക്കൽ
* ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് ജൂൺ - മാർച്ച് |
| 2. | മലയാളം മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂലൈ - മാർച്ച് |
| 6 | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7 | നാട്ടുവിശേഷം | ആഗസ്റ്റ് - മാർച്ച് |
| 8 | ക്ലാസ് പത്രം | ജൂലൈ - ഫെബ്രുവരി |
| 9 | രചനോത്സവം | ജൂൺ - മാർച്ച് |
| 10 | വായനോത്സവം | ജനുവരി |
| 11 | ഭാഷോത്സവം | ജൂൺ - മാർച്ച് |
| 12 | ഗണിത കേളികൾ | ജൂൺ - മാർച്ച് |
| 13 | ഗണിത കിറ്റ് | ജൂൺ - മാർച്ച് |
| 14 | പരീക്ഷണങ്ങൾ | ജൂൺ - മാർച്ച് |
| 15 | ലഘു പ്രോജക്ട് | |

| | | |
|---|---|---|
| 16 | പരീക്ഷണ കിറ്റ് | ജൂൺ - മാർച്ച് |
| 17 | രക്ഷിതാക്കൾക്ക് ശില്പശാല | ജൂൺ |
| 18 | വിജയസ്പർശം | ജൂൺ to മാർച്ച് |
| 19 | പാനീയമേള | ഡിസംബർ |
| 20 | ഭക്ഷ്യമേള | ഡിസംബർ |
| | | ഡിസംബർ |
| 21 | പലഹാരമേള | |

## ഉള്ളടക്കം

1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാളം മധുരം
4. സംയുക്ത ഡയറി - സ്വതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തീയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം
12. ഭാഷോത്സവം
13. ഗണിത കേളികൾ
14. ഗണിത കിറ്റ്
15. പരീക്ഷണങ്ങൾ
16. ലഘു പ്രോജക്ട്
17. പരീക്ഷണങ്ങൾ
18. രക്ഷിതാക്കൾക്ക് ശില്പശാല
19. വിജയ സ്പർശം
20. പാനീയ മേള
21. ഭക്ഷ്യമേള
22. പലഹാര മേള

## പ്രശ്നങ്ങൾ പരിമിതികൾ

- സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സമൂഹമധ്യത്തിലാണ് മുഖ്യായിക്കോട് സ്കൂൾ സ്ഥിതിചെയ്യുന്നത്. നിരവധി അൺ എയ്ഡഡ്, എയ്ഡഡ് സ്കൂളുകൾ സമീപത്ത് സ്ഥിതിചെയ്യുന്നുണ്ട്

- നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളേയും രക്ഷിതാക്കളേയും സ്കൂളിലേക്ക് ആകർഷിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ ഉന്നതരായ സമ്പന്ന വിഭാഗങ്ങൾ അൺഎയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ അയക്കുവാൻ താല്പര്യം കാണിക്കുന്നു.

- ചുറ്റുമതിൽ പൂർണ്ണമായിട്ടില്ല.

- സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നായതുകൊണ്ട് പഠനം മിക്കവാറും സ്കൂളിൽ മാത്രമായി ഒതുങ്ങുന്നു.

- സ്കൂൾ കെട്ടിടത്തിന്റെ ചുറ്റുമുള്ള സ്ഥലപരിമിതി

- ജല ദൗർലഭ്യം

- കുട്ടികളുടെ പഠനത്തിൽ ഐ സി ടി സാധ്യതകൾ വർദ്ധിച്ചു വരുന്നതിനാൽ എല്ലാ ക്ലാസുകളിലും ഓരോ ലാപ്ടോപ്പുകൾ ആവശ്യമുണ്ട് നിലവിൽ 2 ലാപ്ടോപ്പുകൾ കൂടി ആവശ്യമാണ്.

## ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും

ആധുനിക വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം ചെറിയ ക്ലാസ് മുതൽ ലഭ്യമാവുക എന്നുള്ളത് ഏറ്റവും പ്രധാനമായ കാര്യമാണ്. നമ്മുടെ കുട്ടികൾക്ക് പ്രൊജക്ടറിൽ വീഡിയോകൾ, ഡോക്യുമെന്ററികൾ, മറ്റ് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഇവ കണ്ട് പഠിക്കുവാനുള്ള അവസരം ഉണ്ട്. സ്കൂളിന് രണ്ട് ലാപ്ടോപ്പുകൾ ഉണ്ട്. കുട്ടികൾക്ക് IT വിഷയമായി അവർ പഠിക്കുന്നു. അധ്യാപകർ വിവിധ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ ലാപ്ടോപ്പിലും ഫോണിലും ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ക്ലാസ് എടുക്കുന്നു.

# ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനായി അസംബ്ലിയിൽ വ്യക്തിശുചിത്വം, പരിസര ശുചിത്വം ഇവ പാലിക്കേണ്ടതിന്റെ ആവശ്യകത; വൃത്തിയുള്ളതും മായം കലരാത്തതുമായ ഭക്ഷണം കഴിക്കുക, പോഷക സമ്പൂർണ്ണമായ ഭക്ഷണം കഴിക്കുക ആരോഗ്യ ശീലങ്ങൾ, ഭക്ഷണ ശീലങ്ങൾ, ഭക്ഷണം കഴിക്കുന്നതിലെ മര്യാദകൾ, ശുചിത്വം പാലിക്കുക തിളപ്പിച്ചാറിയ വെള്ളം കുടിക്കുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ബോധവത്കരണം നടത്താറുണ്ട്. വ്യായാമം ചെയ്യേണ്ടത് ആരോഗ്യത്തിന് ആവശ്യമാണ്. കളികൾ, യോഗ, സൂംബ, കരാട്ടെ എന്നിവ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നുണ്ട്.

## കലാപഠനം

ഡാൻസ് പഠിക്കുന്നതിനുള്ള സൗകര്യം സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. കവിതാലാപനം, പാട്ട്, കഥപറയൽ, ചിത്രരചന എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

# പ്രീ-പ്രൈമറി ക്ലാസ്

വളരെ സജീവമായി പ്രീ-പ്രൈമറി ക്ലാസുകൾ നടക്കുന്നു. 26 കുട്ടികൾ ഈ അധ്യയനവർഷം പ്രീ-പ്രൈമറിയിൽ പഠിക്കുന്നു. ടേം പുസ്തകങ്ങളാണ് ഫോളോ ചെയ്യുന്നത്. കുട്ടികൾക്ക് ആവശ്യമായ Signle Table, Chair ഇരിപ്പിട സംവിധാനങ്ങളും കളി ഉപകരണങ്ങളും സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| ഗണിതം | ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗണിത ശേഷികൾ നേടുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക. | * സംഖ്യാബോധം ഉറപ്പിക്കുന്നതിനായി കമ്പുകെട്ടുകൾ, മഞ്ചാടിക്കുരുമുത്തുകൾ എന്നിവ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.<br>* സ്ഥാനവില എന്ന ആശയം ഉറപ്പിക്കുന്നതിനായി അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>* വലുത്/ചെറുത്, കൂടുതൽ/കുറവ് അകത്ത്/പുറത്ത് എന്നിവ ശരിയായ രീതിയിൽ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>ഭിന്നശേഷിക്കാർക്കായി ICT സാധ്യതകൾ, വീഡിയോകൾ, ചിത്രങ്ങൾ ഇവ പ്രയോജനപ്പെടുത്തുന്നു<br>* ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന നിരവധി പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവസരങ്ങൾ നൽകുന്നു.<br>* ആരോഹണ, അവരോഹണ ക്രമങ്ങൾ കൃത്യമായി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>* ക്ലോക്ക് പരിചയപ്പെടുത്തുന്നു. സമയം കണ്ടെത്തി പറയാനും, clock വരച്ച് സമയം രേഖപ്പെടുത്തുന്നു | ഹ്രസ്വകാല പ്രവർത്തനങ്ങൾ<br><br>മധ്യകാല പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ഗണിതം | ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | * കമ്പ്യൂട്ടറിന്റെ സഹായത്തോടെ സമയവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പരിശീലിപ്പിക്കുന്നു. (ഭിന്നശേഷിക്കാരെയും പരിഗണിക്കുന്നു)<br>* ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി തന്റെ കുടുംബത്തിലെ ഒരു മാസത്തെ വരവുചിലവു കണക്കുകൾ മനസ്സിലാക്കി കുടുംബ ബഡ്ജറ്റ് മനസ്സിലാക്കുന്നു.<br>* നിത്യജീവിതത്തിൽ കാണുന്ന ചില വസ്തുക്കളുടെ ആകൃതിയിൽ ജ്യാമിതീയ രൂപങ്ങളുമായി താരതമ്യം ചെയ്ത് കണ്ടെത്താനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>* ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>* ഗണിതപ്പാട്ടുകൾ, പസിലുകൾ, ഗെയിമുകൾ എന്നിവ ആസ്വദിക്കുന്നതിനുള്ള അവസരം നൽകുന്നു.<br>* വായനാമൂലയിൽ നിന്നും അവർക്കിഷ്ടപ്പെട്ട ഗണിത പുസ്തകങ്ങൾ കണ്ടെത്തി വായിക്കുന്നതിനും പ്രവർത്തനങ്ങൾ ചെയ്യുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു.<br>* ദൈനംദിന ജീവിതത്തിൽ ഓരോ പ്രവർത്തനങ്ങൾക്കും ചിലവഴിക്കുന്ന സമയം കണ്ടെത്തി ഡയറി എഴുതുന്നതിനുള്ള പരിശീലനം നൽകുന്നു. | മധ്യകാല പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ<br>ഗണിത പുസ്തകങ്ങൾ |

| | | | | |
|---|---|---|---|---|
| ഗണിതം. | കൃത്യതയോടും സൂക്ഷ്മതയോടും ഗണിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാധാന്യം മനസിലാക്കി ശേഷി വികസിപ്പിക്കുക | * സംഖ്യാപാറ്റേണുകൾ, ചിത്രപാറ്റേണുകൾ ഇവ ശരിയായി കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.<br>* ഭിന്നശേഷിയുള്ള കുട്ടികൾക്ക് ചിത്രങ്ങൾ, വീഡിയോകൾ, വസ്തുക്കൾ എന്നിവ ഉപയോഗിച്ച് ലഘുപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>* കുസൃതികണക്കുകൾ സ്വയം കണ്ടെത്തി തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ നൽകുന്നു.<br>* ജ്യാമിതീയ രൂപങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ, ചിത്രങ്ങൾ ഇവ തയ്യാറാക്കുന്നു<br>* സ്വന്തം നീളം/തൂക്കം, കൂട്ടുകാരുടെ നീളം/തൂക്കം എന്നിവ കണ്ടെത്തി ചാർട്ടിൽ രേഖപ്പെടുത്തുന്നു.<br>* അളവുകൾ ഊഹിച്ച് കണ്ടെത്തിയതിനു ശേഷം സ്കെയിൽ ഉപയോഗിച്ചു അളന്ന് കൃത്യമായി പറയുന്നു. | ദീർഘകാല പ്രവർത്തനങ്ങൾ<br><br>ഹ്രസ്വകാല പ്രവർത്തനങ്ങൾ | Class Test<br><br>കുസൃതി കണക്കുകൾ ചസ്തങ്ങൾ |

| | | | | |
|---|---|---|---|---|
| ഗണിതം. | | * Laptop ന്റെ സഹായത്തോടുകൂടി അളവ്, തൂക്കം, സമയം ഇവയുമായി ബന്ധപ്പെട്ട കൂടുതൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു.<br>* കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ തൂക്കം ശരിയാണോ എന്ന് പരിശോധിക്കുവാൻ അവനെ പ്രാപ്തനാക്കുന്നു<br>* കടയിൽ നിന്ന് മേടിക്കുന്ന തുണിയുടെ നീളം കൃത്യമാണോയെന്ന് പരിശോധിക്കുന്നതിനുള്ള കഴിവ് നേടിയെടുക്കുന്നു.<br>* കുട്ടികളുടെ ഭാരം, വിവിധതരം കിഴികൾ ഇവയുടെ ഒക്കെ തൂക്കം ഊഹിച്ച് പറഞ്ഞതിനു ശേഷം വെയിംഗ്മെഷീൻ ഉപയോഗിച്ച് കൃത്യമായി കണ്ടെത്തുന്ന ചാർട്ടിൽ രേഖപ്പെടുത്തുന്നു. | ദീർഘകാല പ്രവർത്തനങ്ങൾ. | സ്കെയിൽ, ടേപ്പ്, വെയിംഗ് മെഷീൻ |

| | | | | |
|---|---|---|---|---|
| പരിസരപഠനം | പ്രകൃതി വിഭവങ്ങൾ പരിപോഷിപ്പിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക | * കൃഷി. ഇടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പുകൾ അതിൽ പങ്കാളികളാകാൻ കുട്ടികൾക്ക് അവസരം നൽകുന്നു.<br>* പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>* മഴവെള്ളം സംരക്ഷിക്കാൻ എന്തെല്ലാം ചെയ്യാമെന്ന് മനസിലാക്കി കൊടുക്കുന്നു.<br>* 'മരം ഒരു വരം' എന്ന സന്ദേശം പ്രാവർത്തികമാക്കാൻ വൃക്ഷതൈകൾ നടുവാൻ ആഹ്വാനം ചെയ്യുന്നു. | ഹ്രസ്വകാല പ്രവർത്തനങ്ങൾ | മഴക്കുഴി<br>കൃഷിയിട സന്ദർശനം<br>മഴവെള്ള സംഭരണി<br>School. |
| | | * ജലം, മരം, മണ്ണ് എന്നിവ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>* ജൈവ പച്ചക്കറിത്തോട്ടം പരിപാലിക്കുന്നതിന് കുട്ടികളെ പങ്കെടുപ്പിക്കുന്നു.<br>* വീടുകളിൽ പൂന്തോട്ടം, അടുക്കളത്തോട്ടം ഇവ നിർമ്മിക്കുവാൻ ഉത്സാഹിപ്പിക്കുന്നു. | മധ്യകാല പ്രവർത്തനങ്ങൾ | പച്ചക്കറിത്തോട്ടം<br>Trs<br>PTA<br>കുട്ടികൾ |

| | | | | |
|---|---|---|---|---|
| പരിസരപഠനം | പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാവുന്നു. | * PTA യുടെ സഹകരണത്തോടെ പ്ലക്കാർഡുകൾ തയ്യാറാക്കുകയും, റാലിയും സംഘടിപ്പിക്കുകയും ചെയ്യുന്നു.<br>* പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വെളിവാക്കുന്ന സെമിനാറുകൾ സംഘടിപ്പിക്കുന്നു.<br>* തണൽമരങ്ങൾ, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ എന്നിവ നട്ടുവളർത്തേണ്ടതിന്റെ പ്രാധാന്യം മനസിലാക്കികൊടുക്കുന്നു. നടുവാൻ അവസരം നൽകുന്നു<br>* ജൈവ പച്ചക്കറിത്തോട്ടം സ്കൂളിലും വീടുകളിലും നട്ടുവളർത്തുകയും, വിളവുകൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും.<br>* ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിപ്പുകൾ ഇവ നിർമ്മിക്കുന്നു.<br>* കുടിവെള്ളം, ശുദ്ധവായു എന്നിവ ശരിയായ അളവിൽ ലഭിക്കേണ്ടതിന്റെ അവശ്യകത മനസിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളിലേർപ്പെടുന്നു. (ICT സാധ്യത) | ദീർഘകാല പ്രവർത്തനങ്ങൾ | HM<br>PTA<br>അധ്യാപകർ<br>കുട്ടികൾ<br><br>ക്ലാസ് ടീച്ചർമാർ |

| | | | | |
|---|---|---|---|---|
| പരിസരപഠനം. | ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക | * വയലുകളെ പറ്റിയുള്ള പഠനത്തിന്റെ ഭാഗമായി ഫീൽഡ് ട്രിപ്പ് നടത്തുന്നു.<br>* കുന്നുകൾ നഷ്ടപ്പെട്ടാലുള്ള ദോഷവശങ്ങൾ മനസിലാക്കുന്നതിനുള്ള സെമിനാറുകൾ നടത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>* ജലശുദ്ധീകരണവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസിൽ നടത്തുകയും കൂടുതൽ പരീക്ഷണങ്ങൾ ICT യുടെ സഹായത്തോടെ നടത്തുകയും ചെയ്യുന്നു<br>* പാഠഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പരീക്ഷണങ്ങൾ ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുന്നു<br>* സമാനമായ മറ്റ് പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>* ശാസ്ത്ര സംബന്ധമായ വിഷയങ്ങൾ അനുയോജ്യമായ വർക്ക്ഷീറ്റ് തയ്യാറാക്കുന്നു | ദീർഘകാല പ്രവർത്തനങ്ങൾ<br><br>ഹ്രസ്വകാല പ്രവർത്തനങ്ങൾ | ഫീൽഡ് ട്രിപ്പ്<br>HM<br>PTA |

| | | | | |
|---|---|---|---|---|
| പരിസരപഠനം. | | * ശാസ്ത്ര സംബന്ധമായ ദിനാചരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും, പതിപ്പുകളാക്കുകയും ചെയ്യുന്നു (ICT, സ്കൂൾ ലൈബ്രറി ഇവ പ്രയോജനപ്പെടുത്തുന്നു.)<br>* ശാസ്ത്ര സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br>* ശാസ്ത്രസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള (സൗരയൂഥം, കൃത്രിമോപഗ്രഹങ്ങൾ) വീഡിയോ ക്ലിപ്പിങ്ങുകൾ കാണുന്നതിനുള്ള അവസരം ഒരുക്കുന്നു.<br>* ശാസ്ത്രസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള പതിപ്പുകൾ, ക്വിസ് നിരീക്ഷണക്കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള പരിശീലന മികവ് നേടിയെടുക്കുക.<br>* ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം അവരുടെ കണ്ടെത്തലുകൾ എന്നിവ കുട്ടികളിൽ എത്തിക്കുന്നു. | ദീർഘകാല പ്രവർത്തനങ്ങൾ | ക്വിസ് മത്സരം<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| പരിസരപഠനം | | * കുട്ടികൾ തങ്ങൾ ഏർപ്പെടുന്ന പരീക്ഷണങ്ങളെക്കുറിച്ചും പരീക്ഷണ ഫലങ്ങളെക്കുറിച്ചും ചാർട്ടിലും, ബുക്കിലും രേഖപ്പെടുത്തുന്നു. | | |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് പദങ്ങൾ, വാക്യങ്ങൾ എന്നിവ തെറ്റുകൂടാതെ വായിക്കുകയും, എഴുതുകയും ചെയ്യുന്നതിന് പ്രാപ്തരാകും. | * ചിത്രങ്ങൾ, പദകാർഡുകൾ എന്നിവയുടെ സഹായത്തോടെ വാക്കുകൾ വായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>* പദകാർഡുകളിൽ നിന്ന് വാക്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br>* വാക്കുകളുടെ ഉച്ചാരണവുമായി ബന്ധപ്പെട്ട് യൂട്യൂബ് വീഡിയോകൾ പ്രദർശിപ്പിക്കുന്നു.<br>* ഇംഗ്ലീഷ് കഥകൾ, പാട്ടുകൾ എന്നിവ പ്രദർശിപ്പിക്കുന്നു.<br>* ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിച്ച് കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു<br>* ദിനാചരണവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് ക്വിസ് നടത്തുന്നു | ഹ്രസ്വകാല പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും ആശയവിനിമയം നടത്തുവാനുമുള്ള കഴിവ് ഉണ്ടാക്കുന്നു | * മാസത്തിൽ ഒരു ഇംഗ്ലീഷ് പുസ്തകം ചെറുകഥ വായിക്കുവാനും കഥാപാത്രങ്ങളെ പരിചയപ്പെടുത്തുവാനും അവസരം നൽകുന്നു.<br>* ICT സാധ്യതകൾ ഉപയോഗിച്ച് ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും പ്രതികരിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു.<br>* കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകളുടെ കൂടുതൽ മാതൃകകൾ കുട്ടികൾക്ക് അനുഭവപ്രദമാക്കുകയും ഇംഗ്ലീഷ്ഭാഷ സംസാരിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. | ദീർഘകാല പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ. |
| | സ്കൂൾ അങ്കണം ഒരു പാഠപുസ്തകം | * സ്ഥലപരിമിതി ഉണ്ടെങ്കിലും വാഴ വിവിധതരം പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നുണ്ട്.<br>* വിളകൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. | | |

| | | | | |
|---|---|---|---|---|
| | വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് മാർഗനിർദ്ദേശം നൽകി നല്ല വ്യക്തിത്വമുള്ളവരാക്കുന്നു. | * കുട്ടികൾക്ക് കളിക്കുവാനായി ഗ്രൗണ്ടുകൾ ഒരുക്കിയിട്ടുണ്ട്.<br>* കായിക പരിശീലനം, യോഗ ക്ലാസുകൾ കരാട്ടെ, ഡാൻസ് ക്ലാസുകൾ എന്നിവ നടത്തി വരുന്നു.<br>* മാസത്തിൽ ഒരിക്കൽ ആർട്ട് ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>* ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>* ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം പ്രശ്നപരിഹരണം തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ കൗൺസിലിംഗ് ഫലപ്രദമാക്കുന്നു.<br>* ഓരോ കുട്ടിയെയും അടുത്തറിയുന്ന | ദീർഘകാല പ്രവർത്തനം | HM<br>അധ്യാ<br>കൗൺ |

| [illegible] | [illegible] | പ്രവർത്തനങ്ങൾ | (സമയം, മാസം.) | [illegible] |
|---|---|---|---|---|
| മലയാളം. | എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനും നിലവാരത്തിനുമനുസരിച്ച് ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുകയും മലയാള ഭാഷയിൽ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുകയും ചെയ്യും. കുട്ടികളെ വായനയിലും, ലേഖനത്തിലും മികവുറ്റവരാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും. | * വായനാകാർഡുകൾ തയ്യാറാക്കുന്നു.<br>ചിത്രവായനയ്ക്ക് അവസരം നൽകുന്നു.<br>ചിത്രങ്ങളിൽനിന്ന് കഥ നിർമ്മിക്കുന്നു.<br>പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് തയ്യാറാക്കുന്നു<br>ICT പ്രയോജനപ്പെടുത്തി വീഡിയോകൾ, ചിത്രങ്ങൾ, ഗെയിമുകൾ എന്നിവ ചെയ്യുന്നു<br>* പതിപ്പുകൾ, ആൽബങ്ങൾ എന്നിവ തയ്യാറാക്കുന്നു.<br>കഥകൾ കവിതാരൂപത്തിൽ അവതരിപ്പിക്കുന്നു.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ/കവിതകൾ എന്നിവയുടെ നാടകാവിഷ്കാരം റോൾപ്ലേ എന്നിവ നടത്തുന്നു.<br>* ഭിന്ന നിലവാരക്കാർക്ക് കഥകളും, കവിതകളും അവരുടെ രീതിക്കനുസരിച്ച് പ്രദർശിപ്പിക്കുന്നു<br>* ദിനപത്രങ്ങൾ, മാസികകൾ എന്നിവ വായിക്കാനായി നൽകുന്നു. | ഹ്രസ്വകാലം<br>മധ്യകാല പ്രവർത്തനങ്ങൾ | വീഡിയോ<br>ക്ലാസ് ടീച്ചർ<br>ദിനപത്രങ്ങൾ<br>പൊതുസമൂഹം |

| | | | |
|---|---|---|---|
| സർഗശേഷി വികാസം. | ഹങ്ങൾ, കുറിപ്പുകൾ ...ങ്ങളെക്കുറിച്ചുള്ള സംഗ്ര ഇവ സ്കൂൾ അസംബ്ലിയിൽ വായിക്കുകയും, പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | | ലൈബ്രറി പുസ്തകങ്ങ |
| | * ഗ്രന്ഥകാരന്മാരുടെ ജീവിതചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>* സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>* പത്രവായനയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ തയ്യാറാക്കുന്നതിന്, ഉത്തരം കണ്ടെത്തുന്നതിന്. | ദീർഘകാല പ്രവർത്തനങ്ങൾ. | പൊതുസ പ്രമുഖവ്യ ക്തികൾ |
| ലക്ഷ്യം. സ്കൂൾ പഠനം പൂർത്തിയാക്കുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകും വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കും. | * സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിന് - സംയുക്ത ഡയറി (മാതാപിതാക്കളുടെ സഹായത്താൽ) വർക്ക് ഷീറ്റുകൾ തുടങ്ങിയവ.<br>* അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ഹ്രസ്വകാല പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ |
| | * അക്ഷരകാർഡുകൾ, പദകാർഡുകൾ ഇവ ഉപയോഗിച്ച് പദക്കളികളിൽ ഏർപ്പെടുന്നു. | | SRG കൺവീനർ |
| | * ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ലളിതമായി വീഡിയോ ചിത്രങ്ങൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നു.<br>* ചിത്രങ്ങൾക്കനുയോജ്യമായ അടിക്കുറിപ്പ് നൽകുന്നു. | മധ്യകാല പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | * കുട്ടികൾ തയ്യാറാക്കിയ രചനകൾ, ആസ്വാദനക്കുറിപ്പുകൾ, കുറിപ്പുകൾ എന്നിവ പ്രകാശനം നടത്തുന്നു.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ കവിതകൾ എന്നിവ തയ്യാറാക്കുന്നു.<br>* ചിത്രവായനയിലൂടെ കഥയുടെ ബാക്കി ഭാഗം പൂർത്തിയാക്കുന്നു.<br>* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകൾ ക്രമീകരിക്കുന്നു.<br>* ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിവയുടെ ആശയം മനസിലാക്കി ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | ഹ്രസ്വകാല പ്രവർത്തനം<br>-<br>ദീർഘകാല പ്രവർത്തനം | |
| | **ദിനാചരണങ്ങൾ.** | | |
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ഹ്രസ്വകാലം | |